* 36 കോട്ടകൾ എന്ന് പേരിനർഥമുള്ള സംസ്ഥാനം
* അച്ചനാകാമർ–അമർകാണ്ടക് ബയോസ്ഫിയർ റിസർവ് സ്ഥിതി ചെയ്യുന്ന സംസ്ഥാനം
* ഇന്ത്യയിൽആദ്യമായി തിരഞ്ഞെടുപ്പിൽ നോട്ട (നൺ ഓഫ് ദ എബോവ്) പരീക്ഷിച്ചത് ഛത്തീസ്ഗഢിലാണ്.
* വാലന്റൈൻസ് ദിനം മാതൃപിതൃദിവസമായി ആചരിക്കുന്ന ഇന്ത്യൻ സംസ്ഥാനം.
* വനവിസ്തൃതിയിൽ ഇന്ത്യയിൽ മൂന്നാം സ്ഥാനത്തുള്ള സംസ്ഥാനം.

## ഗോവ

* ഇന്ത്യയിൽ ഇരുപത്തിയഞ്ചാമതായി രൂപം കൊണ്ട സംസ്ഥാനം (1987).
* ഇന്ത്യയിലെ ഏറ്റവും വിസ്തീർണം കുറഞ്ഞ സംസ്ഥാനം
* പുരാണങ്ങളിൽ ഗോമന്തകം എന്നറിയപ്പെട്ട പ്രദേശം
* ടോളമിയുടെ പുസ്തകത്തിൽ ശൗബ എന്ന് രേഖപ്പെടുത്തിയ പ്രദേശം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽകാലം കൊളോണിയൽ ഭരണത്തിനു വിധേയമായ പ്രദേശം(1510–1961,ഏകദേശം 452 വർഷം)
* ഏറ്റവും കുറച്ച് കടൽത്തീരമുള്ള സംസ്ഥാനം (101 കി.മീ.)
* ഏറ്റവും ജില്ലകൾ കുറവുള്ള ഇന്ത്യൻ സംസ്ഥാനം (ഗോവയിലെ ജില്ലകൾ– തെക്കൻ ഗോവയും വടക്കൻ ഗോവയും)




* മനോഹരമായ ബീച്ചുകൾക്ക് പ്രസിദ്ധമായ ഇന്ത്യൻ സംസ്ഥാനം
* എല്ലാ ജില്ലകൾക്കും കടൽത്തീരമുള്ള ഏക ഇന്ത്യൻ സംസ്ഥാനം.
* ജനസംഖ്യയിലും വിസ്തീർണത്തിലും ഏറ്റവും ചെറിയ ദക്ഷിണേന്ത്യൻ സംസ്ഥാനം (2011 സെൻസസ് പ്രകാരം ഇന്ത്യയിൽ ഏറ്റവും ജനസംഖ്യ കുറവ് സിക്കിമിലാണ്)
* സർക്കാർ ഓഫീസുകളിൽ ഇ–മെയിൽ സംവിധാനം ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം
* ഏറ്റവും കുറവ് വനപ്രദേശമുള്ള തെക്കേ ഇന്ത്യൻ സംസ്ഥാനം ഗോവയാണ്. എന്നാൽ, തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വനമുള്ളത് ഗോവയിലാണ്.
* പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരം ഗുട്ക ഉൾപ്പെടെയുള്ള പുകയില ഉൽപന്നങ്ങൾ നിരോധിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം (2005).
* ഏറ്റവും കുറവ് നിയമസഭാംഗങ്ങളുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനം (40).
* ഏറ്റവും കുറവ് ലോക്സഭാംഗങ്ങളുള്ള (2) ദക്ഷിണേന്ത്യൻ സംസ്ഥാനം.
* ഏറ്റവും കുറവ് രാജ്യസഭാംഗങ്ങളുള്ള (1) ദക്ഷിണേന്ത്യൻ സംസ്ഥാനം.
* സ്വാതന്ത്ര്യാനന്തരം ഇന്ത്യയോട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളിൽ ഏറ്റവും ഒടുവിൽ സംസ്ഥാന പദവി ലഭിച്ചത് ഗോവയ്ക്കാണ് (1987).
* ഹിന്ദുക്കൾക്ക് ബഹുഭാര്യാത്വവും മുസ്ലിങ്ങൾക്ക് ഏക ഭാര്യാത്വവും നിയമവിധേയമായിട്ടുള്ള ഇന്ത്യൻ സംസ്ഥാനം.
* ഇലക്ട്രോണിക് വോട്ടിങ് മെഷിനൊപ്പം വിവിപാറ്റ് സംവിധാനം ഉൾപ്പെടുത്തി എല്ലാ ബൂത്തുകളിലും തിരഞ്ഞെടുപ്പ് നടത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം (2017).

## ഗുജറാത്ത്

* ഇന്ത്യയിൽ പതിനഞ്ചാമതായി രൂപം കൊണ്ട സംസ്ഥാനം (1960).
* 1956–ലെ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനസ്സംഘടനയ്ക്കുശേഷം (1960) നിലവിൽവന്ന ആദ്യ സംസ്ഥാനം.
* ഇതിഹാസങ്ങളുടെ നാട് എന്നറിയപ്പെടുന്ന സംസ്ഥാനം




* ഇന്ത്യയിൽ ഏറ്റവും കൂടുതൽ നിലക്കടല ഉൽപാദിപ്പിക്കുന്ന സംസ്ഥാനം
* ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനം (1596 കി.മീ. )
* ഉപ്പിന്റെ ഉൽപാദനത്തിൽ ഒന്നാംസ്ഥാനമുള്ള സംസ്ഥാനം
* രൂപംകൊണ്ടനാൾ മുതൽ മദ്യനിരോധനം നിലവിലുള്ള സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന സംസ്ഥാനം
* ഏറ്റവും കൂടുതൽ വിമാനത്താവളങ്ങൾ ഉള്ള സംസ്ഥാനം
* കാലാവസ്ഥാ വ്യതിയാന വകുപ്പ് (Department of Climate Change) സ്ഥാപിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമാണ് ഗുജറാത്ത്.
* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നത് നിർബന്ധിതമാക്കിയ ആദ്യ സംസ്ഥാനം.
* ഇന്ത്യയിലെ ആദ്യത്തെ കനാൽ ടോപ്പ് സോളാർ പവർ പ്രോജക്ട് സ്ഥാപിതമായത് ഗുജറാത്തിലാണ്.

## ഹരിയാന

* ഇന്ത്യയിൽ പതിനേഴാമതായി രൂപം കൊണ്ട സംസ്ഥാനം.
* ഇന്ത്യയുടെ പാൽത്തൊട്ടി (Milk pail of India) എന്നറിയപ്പെടുന്ന സംസ്ഥാനം
* പട്ടികവർഗക്കാർ ഏറ്റവും കുറവുള്ള ഇന്ത്യൻ സംസ്ഥാനം
* ഉത്തരേന്ത്യയിൽ ആദ്യമായി വിള ഇൻഷുറൻസ് ഏർപ്പെടുത്തിയ സംസ്ഥാനം
* എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കപ്പെട്ട ആദ്യ ഇന്ത്യൻ സംസ്ഥാനം
* ഇന്ത്യയിൽ ആദ്യമായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയ സംസ്ഥാനം
* ഇന്ത്യയിൽ ആദ്യമായി മൂല്യ വർധിത നികുതി (വാല്യു ആഡഡ് ടാക്സ്) ഏർപ്പെടുത്തിയ സംസ്ഥാനം
* ടൂറിസ്റ്റ് കോംപ്ലക്സുകൾക്ക് പക്ഷികളുടെ പേര് നൽകിയിരിക്കുന്ന സംസ്ഥാനം
* ദൈവത്തിന്റെ വാസസ്ഥലം എന്ന് പേരിനർഥമുള്ള സംസ്ഥാനം




* എല്ലാ വോട്ടർമാർക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്ത ആദ്യ സംസ്ഥാനം
* ഇന്ത്യയിലാദ്യമായി മൊബൈൽ നമ്പർ പോർട്ടബിലിറ്റി (സേവനദാതാവിനെ മാറ്റുന്നതിനുള്ള സൗകര്യം) സംവിധാനം നിലവിൽവന്ന സംസ്ഥാനം (2010 നവംബർ ).
* വികലാംഗർ എന്ന വാക്ക് നിയമപരമായി നിരോധിച്ച ആദ്യ സംസ്ഥാനമാണ് ഹരിയാന.
* വനവിസ്തൃതി ഏറ്റവും കുറവുള്ള ഇന്ത്യൻ സംസ്ഥാനം (ശതമാനാടിസ്ഥാനത്തിൽ പഞ്ചാബ്).
* ഇന്ത്യയുടെ ഡെന്മാർക്ക് എന്നു വിശേഷിപ്പിക്കപ്പെടുന്ന സംസ്ഥാനം.
* ഇൻജക്ടിബിൾ കോൺട്രെസെപ്റ്റീവ് അവതരിപ്പിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം.
* ഭൂകമ്പ മുന്നറിയിപ്പ് സംവിധാനമുള്ള ഇന്ത്യയിലെ ആദ്യത്തെ സെക്രട്ടേറിയറ്റ് സ്ഥാപിച്ച സംസ്ഥാനം.
* പഞ്ചാബ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഗുരുദ്വാരകളുള്ള സംസ്ഥാനം.

## ഹിമാചൽ പ്രദേശ്

* ഇന്ത്യയിലെ പർവത സംസ്ഥാനം (Mountain State of India)(സിക്കിമിനെയും ഇപ്രകാരം വിശേഷിപ്പിക്കാറുണ്ട്)
* എല്ലാ ഋതുക്കളുടെയും സംസ്ഥാനം (All Seasons State) എന്നറിയപ്പെടുന്ന സംസ്ഥാനം
* ഇന്ത്യയുടെ പഴക്കൂട (The Fruit Basket of India) എന്നറിയപ്പെടുന്ന സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ പഴങ്ങൾ ഉൽപാദിപ്പിക്കുന്ന സംസ്ഥാനം
* ഇന്ത്യയിലാദ്യമായി പ്ലാസ്റ്റിക് നിരോധിച്ച സംസ്ഥാനം
* ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ഹിന്ദുമത വിശ്വാസികളുള്ള സംസ്ഥാനം.
* ഇന്ത്യയിൽ 1951–1952ൽ പൊതു തിരഞ്ഞെടുപ്പ് നടന്നപ്പോൾ ആദ്യം പോളിംഗ് നടന്ന സംസ്ഥാനം
* ഇന്ത്യയിലെ ആദ്യത്തെ കാർബൺ ഫ്രീ സംസ്ഥാനം
* മലയാളം അക്ഷരമാലാ ക്രമത്തിലുള്ള ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒടുവിൽവരുന്ന സംസ്ഥാനം.




* റോട്ടോവൈറസ് വാക്സിനേഷൻ പ്രോജക്ട് ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം
* ഇന്ത്യയിൽ എണ്ണത്തിൽ ക്രിസ്ത്യാനികൾ ഏറ്റവും കുറവുള്ള സംസ്ഥാനം (ശതമാനാടിസ്ഥാനത്തിൽ കുറവ് ബിഹാറിൽ).
* 1956–ൽ നിലവിൽവന്ന കേന്ദ്രഭരണപ്രദേശങ്ങളിൽ, ആദ്യമായി സംസ്ഥാനപദവിയിലേക്ക് ഉയർത്തപ്പെട്ട പ്രദേശം (1971).
* സർക്കാർ ആഭിമുഖ്യത്തിൽ ഇന്ത്യയിലാദ്യമായി (2017) വാണിജ്യാടിസ്ഥാനത്തിൽ ഇലക്ട്രിക് ബസ് സംവിധാനം ആരംഭിച്ചത് ഹിമാചൽ പ്രദേശിലാണ് (കുളു–മണാലി–റോഹ്തങ് പാസ്).

## ജമ്മു–കശ്മീർ

* സിക്കിം, അരുണാചൽ പ്രദേശ് എന്നിവയെപ്പോലെ ഏറ്റവും കൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്ന് (പാകിസ്താൻ, അഫ്ഗാനിസ്താൻ, ചൈന. അഫ്ഗാനിസ്താൻ യഥാർഥത്തിൽ പാക് അധിനിവേശ കശ്മീരുമായിട്ടാണ് അതിർത്തി പങ്കിടുന്നത്)
* ഇന്ത്യൻ സംസ്ഥാനങ്ങളിൽ സ്വന്തം ഭരണഘടനയുള്ള ഏക സംസ്ഥാനം–(ഇന്ത്യൻ ഭരണഘടനയുടെ 370 –ാമത്തെ അനുച്ഛേദം ഇതേക്കുറിച്ച് പ്രതിപാദിക്കുന്നു)
* സ്വന്തമായി പതാകയുള്ള ഏക ഇന്ത്യൻ സംസ്ഥാനം
* രാഷ്ട്ര നയ നിർദ്ദേശക തത്ത്വങ്ങൾ ബാധകമല്ലാത്ത ഇന്ത്യൻ സംസ്ഥാനം
* മറ്റു സംസ്ഥാനക്കാർ ഭൂമി വാങ്ങരുതെന്ന് വ്യവസ്ഥയുള്ള സംസ്ഥാനം
* ഇന്ത്യയുടെ ഏറ്റവും വടക്കേയറ്റത്തുള്ള സംസ്ഥാനം
* ആർട്ടിക്കിൾ 360 പ്രകാരമുള്ള സാമ്പത്തിക അടിയന്തരാവസ്ഥ ബാധകമല്ലാത്ത ഇന്ത്യൻ സംസ്ഥാനം
* രാഷ്ട്രപതി ഭരണത്തിനു പകരം ഗവർണർ ഭരണം ഏർപ്പെടുത്താൻ വ്യവസ്ഥയുള്ള ഇന്ത്യൻ സംസ്ഥാനം
* നിയമസഭയ്ക്ക് ആറു വർഷം കാലാവധിയുള്ള ഏക ഇന്ത്യൻ സംസ്ഥാനം
* നിയമ സഭയിലേക്ക് വനിതകളെ നാമനിർദ്ദേശം ചെയ്യാൻ വ്യവസ്ഥയുള്ള ഇന്ത്യൻ സംസ്ഥാനം




* പാർലമെന്റ് 2005–ൽ പാസാക്കിയ വിവരാവകാശ നിയമം നിലവിൽവരാത്ത ഇന്ത്യൻ സംസ്ഥാനം
* രണ്ടു തലസ്ഥാനങ്ങളുള്ള ഏക ഇന്ത്യൻ സംസ്ഥാനം ( വേനൽക്കാല തലസ്ഥാനം ശ്രീനഗർ, ശീതകാല തലസ്ഥാനം –ജമ്മു)
* ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ബാധകമല്ലാത്ത ഇന്ത്യൻ സംസ്ഥാനം.
* മൈ സ്റ്റാമ്പ് പദ്ധതി നടപ്പിലാക്കിയ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം.
* ഇന്ത്യയിൽ വാണിജ്യാടിസ്ഥാനത്തിൽ കുങ്കുമപ്പൂവ് കൃഷി ചെയ്യുന്ന ഒരേയൊരു സംസ്ഥാനം.
* 1987–ലെ ലീഗൽ സർവീസസ് അതോറിറ്റീസ് ആക്ട് ബാധകമല്ലാത്ത സംസ്ഥാനം.

PSC HUNT